പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2196 — 22.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള വാഹന സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് യാത്രാപാസ്സിന് പുറമേ മറ്റ് വാഹന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത് ; | (എ) | കെ.എസ്.ആർ.ടി.സിയിൽ ഔദ്യോഗിക കൃത്യനിർവഹണം നടത്തുന്നതിനു വേണ്ടി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, എക്സിക്യൂട്ടീവ് ഡയറക്ടർമാർ എന്നീ ഉദ്യോഗസ്ഥർക്ക് പുറമെ ചീഫ് എൻജിനീയർ, മെക്കാനിക്കൽ എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ, സോണൽ ഓഫീസർ, വർക്സ് മാനേജർ, കൺട്രോളർ ഓഫ് പർച്ചേയ്സ് ആന്റ് സ്റ്റോഴ്സ്, വിജിലൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർക്കും വാഹന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ യൂണിറ്റുകളിൽ പരിശോധന നടത്തുന്നതിന് അസിസ്റ്റന്റ് വർക്സ് മാനേജർ, സ്ക്വാഡ് യൂണിറ്റുകൾ എന്നിവയ്ക്കും, പ്രധാന യൂണിറ്റുകൾ ആയ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, സുൽത്താൻ ബത്തേരി, പുനലൂർ, പാറശ്ശാല, താമരശ്ശേരി എന്നിവിടങ്ങളിലും ചീഫ് സ്റ്റോറിലും വാഹന സൗകര്യം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക ഞെരുക്കത്തിലും ഇത്തരത്തിൽ വാഹനങ്ങൾ അനുവദിച്ച് നൽകുന്നത് നീതിയുക്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും | വേഗത്തിലും, സുഗമമായും കൃത്യ നിർവഹണം നടത്തുന്നതിനും, പരിശോധന നടത്തുന്നതിനും ബന്ധപ്പെട്ട ഓഫീസർമാർക്ക് വാഹനവും ഡ്രൈവറേയും നല്കിയിട്ടുണ്ട്. ഇടതടവില്ലാതെ പരിശോധന നടത്തുന്നതുമൂലം വരുമാന ചോർച്ച തടയുന്നതിനും വാഹനത്തിന്റെ മെയിന്റനൻസ് ജോലികളുടെ ഗുണ നിലവാരം ഉയർത്തുന്നതിനും തൻമൂലം ബ്രേക്ക് ഡൗൺ ഒഴിവാക്കുന്നതിനും സാധിക്കുന്നു. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ